## നഗരകാര്യ ഡയറക്ടറുടെ ഉത്തരവ് നടപടികൾ

നഗരകാര്യ വകുപ്പ്-മുനിസിപ്പൽ കോമൺ സർവ്വീസ്-നഗരസഭകൾക്കുള്ള പെൻഷൻ അലോട്ട്മെന്റ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നം.പി 6/1559/09.** **തീയതി, തിരുവനന്തപുരം, 22/10/2013.**

---

പരാമർശം - 1) സർക്കാരിന്റെ 24/9/13.ലെ ജി.ഒ (ആർറ്റി) 2366/13/ എൽ.എസ്.ജി.ഡി. നം. ഉത്തരവ്

## ഉ ത്ത ര വ്

പരാമർശം സർക്കാർ ഉത്തരവ് മുഖേന സംസ്ഥാനത്തെ മുനിസിപ്പൽ കോമൺ സർവ്വീസിൽ നിന്നും വിരമിക്കുന്ന ഉദ്യോഗസ്ഥരുടെ പെൻഷനും മറ്റ് പെൻഷൻ ആനുകൂല്യങ്ങളും യഥാസമയം നൽകുന്നതിനായി 70 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ഏത് രീതിയിൽ നഗരസഭകൾക്ക് വിഭജിച്ച് നൽകണമെന്നും സർക്കാർ ഉത്തരവായിട്ടുള്ളതാണ്. പെൻഷനും മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനും മാത്രമെ ഈ തുക ഉപയോഗിക്കാവൂ എന്നും ഈ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ വീഴ്ചയുണ്ടായാൽ ആയത് ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിയുടെ വീഴ്ചയായി കാണുന്നതാണ്.

മേൽ സാഹചര്യത്തിൽ, ഇതിന് അനുബന്ധമായി ചേർത്തിട്ടുള്ള സ്റ്റേറ്റ്മെന്റിൽ വ്യക്തമാക്കിയ പ്രകാരമുള്ള തുക നഗരസഭകൾക്ക് അനുവദിച്ച് ഉത്തരവാകുന്നു. അതത് നഗരസഭകൾക്കുള്ള തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് പിന്നാലെ അയച്ചു തരുന്നതാണ്.

വിശ്വസ്തതയോടെ

ഇ.ദേവദാസൻ.ഐ.എ.എസ്.
നഗരകാര്യ ഡയറക്ടർ
(നഗരകാര്യ വകുപ്പ്)

ഉള്ളടക്കം : സർക്കാർ ഉത്തരവിന്റെ പകർപ്പ്.

23/10.